<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 367</u> <u>27-06-2022 - ൽ മറുപടിയ്ക്ക്</u>

<u>തരൂർ മണ്ഡലത്തിലെ കല്ലിംഗൽപ്പാടം ജി.എച്ച്.എസ്. കെട്ടിട നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കിലയിലെ ഉദ്യോഗസ്ഥരുടെ അഭാവം മൂലം തരൂർ മണ്ഡലത്തിലെ കല്ലിംഗൽപ്പാടം ജി.എച്ച്.എസ്. കെട്ടിട നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കല്ലിംഗൽപ്പാടം ജി.എച്ച്.എസ് കെട്ടിട നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെട്ടിരുന്നുവെങ്കിലും നിർമ്മാണകരാർ ഏറ്റെടുത്തിട്ടുള്ള കരാറുകാരൻ പ്രവൃത്തി ആരംഭിക്കുവാനോ സൈറ്റ് ഏറ്റെടുക്കുന്നതിനോ തയ്യാറാകാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പുനഃ ക്രമീകരിക്കുന്നതിനായി കരാർ റദ്ദ് ചെയ്ത് ടിയാന്റെ സെക്യൂരിറ്റി തുക മെയ് മാസം കിലയിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലുണ്ടായിരുന്ന കരാർ നഷ്ടോത്തരവാദിത്തത്തിൽ റദ്ദാക്കിയതിനാൽ കിഫ്ബിയിൽ നിന്നും പുതുക്കിയ പാക്കേജ് അംഗീകരിച്ചു നൽകുന്ന മുറയ്ക്ക് പ്രവൃത്തി റീ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കിലയിലൂടെ നടത്താൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവൃ ത്തികൾക്കായിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് എന്ന് പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രൈസ് 3 സോഫ്റ്റ് വെയർ മുഖാന്തിരം ഇലക്ട്രിക്കൽ പ്രവൃത്തിയുൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിലവിൽ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ട്. ആയത് അടിയന്തിരമായി പരിഹരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം എൻ.എെ.സി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ